# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 09.01.2015
## (17 RABI'UL AWWAL 1436 Hijiri)
## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) വിശുദ്ധ ഖുർആൻ 17-ാം അദ്ധ്യായം 24-ാം വചനം ഓതിയിട്ട് പറഞ്ഞു.

മാതാപിതാക്കളോടുള്ള ഉത്തരവാദിത്വം

**"തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നൽകിയിരിക്കുന്നു. മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറണമെന്നും. അവർ രണ്ട് പേരിൽ ഒരാളോ അല്ലെങ്കിൽ രണ്ട് പേരുമോ നിന്റെ അടുക്കൽ (നിന്റെ ജീവിത കാലത്ത്) വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് "ഛെ" എന്നു (പോലും) പറഞ്ഞു പോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയും അരുത്. അവർ രണ്ട് പേരോടും, മാന്യമായ വാക്ക് പറയുക."** (17:24)

**ലണ്ടനിൽ നിന്നും ഖലീഫത്തുല്ലാ തിരികെ നാട്ടിൽ**

ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബയുടെ പ്രധാന ഭാഗത്തേക്ക് വരുന്നതിനു മുമ്പ്, അൽഹംദുലില്ലാഹ് ! എന്റെ മേലും ജമാ അത്തിന്റെ മേലും അല്ലാഹു ചൊരിയുന്ന അപാരമായ അനുഗ്രഹങ്ങൾക്ക് ഞാൻ ആദ്യമേ നന്ദിരേഖപ്പെടുത്തുകയാണ്. ദിനംതോറും പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. ഈ അടുത്ത സമയത്ത്, നിങ്ങളെ ഞാൻ അറിയിച്ചിരുന്നതുപോലെ, എനിക്ക് ബ്രിട്ടനിലെ ലണ്ടനിൽ പോകേണ്ടതുണ്ടായിരുന്നു. അൽഹംദുലില്ലാഹ് ! അല്ലാഹു (ത) അനേകം ദൃഷ്ടാന്തങ്ങൾ കാണിക്കുകയുണ്ടായി. സർവ്വോപരി **"ദഅ്‌വ"**യുടെ വാതിൽ അല്ലാഹു (ത) തുറന്നു തന്നു. ആയതിനാൽ ജനങ്ങളെ പൊതുവിലും അഹ്മദികളെ പ്രത്യേകിച്ചും ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യ്ക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച സമാധാന സന്ദേശം നൽകുവാൻ ഇടയായി. ആ **"ക്ഷണം"** മഹത്വപൂർണ്ണം തന്നെയായിരുന്നു. അനേകം ആളുകൾ ക്രിസ്ത്യാനികളും, ഹിന്ദുക്കളും, മുസ്ലീംങ്ങളും (അഫ്ഗാൻകാർ, അറബികൾ) തുടങ്ങിയവരും അല്ലാഹുവിന്റെ ഏകത്വത്തിന്റെ സന്ദേശം സ്വീകരിക്കുകയുണ്ടായി. വിശ്വാസനവീകരണാർത്ഥം ആഗതരായ, മുഹ്‌യിദ്ദീനെയും സ്വീകരിക്കുകയുണ്ടായി. അല്ലാഹുവിന്റെ ഖലീഫ ആഗതരായത് അവരെ ഒരുമിപ്പിക്കുവാനാണ്. **"ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹി"** എന്ന ബാനറിൻകീഴിൽ. അൽഹംദുല്ലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ! ഞാൻ ലണ്ടനിലേക്ക് യാത്രചെയ്യുകയായിരുന്നപ്പോൾ, ഖലീഫത്തുൽ മസീഹ് 5 ഹസ്രത് മിർസാ മസ്റൂർ അഹ്മദിനെ ബന്ധപ്പെടുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അത് എന്റെ ഒരു കടമയായും കരുതിയിരുന്നു. ഞാൻ അവിടേക്ക് തിരിക്കുന്നതിനുമുമ്പ്തന്നെ ഞാൻ അദ്ദേഹത്തിന്റെ ഓഫീസർമാർക്ക് ഒരു ഇ-മെയിൽ അയക്കുകയുണ്ടായി. എന്റെ ലണ്ടൻ സന്ദർശനം സംബന്ധമായി അദ്ദേഹത്തെ അറിയിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ലണ്ടനിൽ നിന്നുകൊണ്ട് തന്നെ, ഞാൻ അദ്ദേഹത്തിന് ഒരു എഴുത്ത് അയക്കുകയുണ്ടായി. **"ഒരു സമാധാന സന്ദേശം"** ഇൻശാ അല്ലാഹ്, ഔദ്യോഗികമായി (മറ്റുരേഖകളോടൊപ്പം) വെബ് സൈറ്റിൽ അവ താമസിയാതെ ഇടുന്നതാണ്.!

സന്തോഷകരവും, അത്ഭുതകരവുമായ കാര്യം ലണ്ടനിലെ അഹ്മദികൾ എന്നെ ബഹിഷ്ക്കരിച്ചില്ല എന്നതാണ്. മറിച്ച്, അവർ വളരെ സ്നേഹത്തോടെയും, കണ്ണുനീരോടെയും, എന്നെ പള്ളിയിൽ തന്നെ സ്വീകരിച്ചു. ദൈവീക ദൃഷ്ടാന്തത്തെക്കുറിച്ച് ചില സംസാരങ്ങളും വിശദീകരണങ്ങളും നൽകുകയുണ്ടായി. ഇത് വളരെ സൗഹാർദ്ദപൂർണ്ണമായിട്ടായിരുന്നു. അവർ എനിക്ക് താമസിക്കുവാനുള്ള ഒരു ഇടം എല്ലാ സൗകര്യങ്ങളോടെയും, നൽകുവാൻ തയ്യാറായി. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹു (ത) താമസ സംബന്ധമായി എനിക്ക് നേരത്തെ തന്നെ ഇടം നൽകിയിരുന്നു. അവരുടെ ഈ സമീപനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. എല്ലാറ്റിനും ഉപരിയായി പറയുവാനുള്ളത് മൗറീഷ്യസിലെ അഹ്മദികളിൽ നിന്നും, അവരുടെ ബഹിഷ്കരണ പദ്ധതികളിൽ നിന്നും, തികച്ചും വിഭിന്നമായിരുന്നു ലണ്ടൻ അഹ്മദികൾ.

**രക്ഷിതാക്കളോട് ബഹുമാനം പുലർത്തൽ**

കുട്ടികൾ സ്കൂളിൽ പോകുന്നതിനും മടങ്ങി വരുന്നതിനും, തയ്യാറാവാറുണ്ട്. കുട്ടികൾക്ക് പഠന കാര്യത്തിലുള്ള ഉത്തരവാദിത്വങ്ങൾ / ഗൃഹപാഠങ്ങൾ മാത്രമല്ല, അല്ലാഹു (ത) യോടും അവന്റെ ദൂതൻ മുഹമ്മദ് (സ) നോടുമുള്ള ഉത്തരവാദിത്വങ്ങളും നിറവേറ്റണ്ടതുണ്ട്. എല്ലാ കുട്ടികളും ഇക്കാര്യങ്ങൾ ജീവിത ലക്ഷ്യമായി കാണേണ്ടതാണ്. **"നിങ്ങളുടെ മനസ്സുകളെ ഭൗതിക അറിവുകൾകൊണ്ട്, നനയ്ക്കുന്നതിനോടൊപ്പം ആത്മീയ ജ്ഞാനത്താൽ നിങ്ങളുടെ ആത്മാക്കളേയും നനയ്ക്കേണ്ടതാണ്."** ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത കാര്യമാണത്. അത് ഒരു കുട്ടിയായാലും ശരി മുതിർന്ന ആളായാലും ശരി. ഇത് എല്ലാ കുട്ടികൾക്കും മുതിർന്നവർക്കും ബാധകമാണ്. കാരണം വൃദ്ധരായ മാതാപിതാക്കളുടെ മക്കളാണ് മുതിർന്നവർ അവരെ സംരക്ഷിക്കേണ്ടത് അവരുടെ കടമയാണ്.

അല്ലാഹു (ത) യോടും അവന്റെ റസൂലിനോടുമുള്ള അനുസരണം കഴിഞ്ഞാൽ, ഏറ്റവും പ്രധാനപ്പെട്ട നമ്മുടെ കടമ മാതാപിതാക്കളെ അനുസരിക്കലും, അവരെ നല്ല നിലയിൽ സംരക്ഷിക്കലുമാണ്. സൂറ: ബനീഇസ്രായീലിൽ, സകലതും സൃഷ്ടിച്ച അല്ലാഹു (ത) പറയുന്നു. **"തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നൽകിയിരിക്കുന്നു. മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറണമെന്നും. അവർ രണ്ട് പേരിൽ ഒരാളോ അല്ലെങ്കിൽ രണ്ട് പേരുമോ നിന്റെ അടുക്കൽ (നിന്റെ ജീവിത കാലത്ത്) വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് "ഛെ" എന്നു (പോലും) പറഞ്ഞു പോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയും അരുത്. അവർ രണ്ട് പേരോടും, മാന്യമായ വാക്ക് പറയുക." (17:24)**

നിങ്ങൾ നിങ്ങളുടെ രക്ഷിതാക്കളെ സ്നേഹവായ്പോടെ സഹായിക്കേണ്ടതാണ്. അവർ ഏത് അവസ്ഥയിലാണെങ്കിലും അവരുടെ ആഗ്രഹങ്ങൾ നല്ല നിലയിൽ പൂർത്തിയാക്കേണ്ടതാണ്.

മാതാപിതാക്കളോട് കാണിക്കേണ്ട ആദരവിനെപ്പറ്റിയും, ഉത്തരവാദിത്വത്തെക്കുറിച്ചും നബികരീം (സ) പറഞ്ഞ ഏതാനും വചനങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുകയാണ്.

1. അല്ലാഹുവിന്റെ തൃപ്തിക്കായി ചെയ്യാവുന്ന ഏറ്റവും നല്ല ജോലി എന്താണെന്ന് ഒരാൾ ഒരിക്കൽ ഹസ്രത് മുഹമ്മദ് (സ) നോട് ചോദിക്കുകയുണ്ടായി. ദൈവദൂതൻ മറുപടി പറഞ്ഞു. **"നിശ്ചിത സമയങ്ങളിൽ നമസ്ക്കരിക്കുക."** അതിനുശേഷം അയാൾ നബികരീം (സ) നോട് ചോദിച്ചു. നമസ്ക്കാരം കഴിഞ്ഞാൽ പിന്നീട് അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്ന ഏറ്റവും പ്രിയങ്കരമായ കാര്യം എന്താണ്? റസൂൽ (സ) പ്രതിവചിച്ചു. **" നിങ്ങളുടെ മാതാപിതാക്കളെ നന്നായി പരിചരിക്കുക." (ബുഖാരി)**

2. ഹസ്രത് ഉമാമ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരാൾ പ്രവാചക സവിധത്തിൽ വന്നിട്ട് ചോദിച്ചു. ഒരു കുട്ടിക്ക് തന്റെ രക്ഷിതാക്കളോടുള്ള ഉത്തരവാദിത്വം എന്താകുന്നു ? വിശുദ്ധ പ്രവാചകർ പറഞ്ഞു **"മാതാ പിതാക്കൾ ഒന്നുകിൽ സ്വർഗ്ഗത്തിലായിരിക്കും അല്ലെങ്കിൽ നരകത്തിലായിരിക്കും."** ആയതിനാൽ, നിങ്ങൾ അവരോട് നന്നായി പെരുമാറിയാൽ നിങ്ങളെ അവൻ സ്വർഗ്ഗത്തിലേക്ക് നയിക്കുന്നതാണ്. അവരെ നിങ്ങൾ വിഷമിപ്പിച്ചാൽ, അഥവാ കോപമുള്ളവരാക്കി തീർത്താൽ നിങ്ങളെ അവൻ നരകാവകാശിയാക്കി മാറ്റുന്നതാണ് (തിർമിതി).

3. ഹസ്രത് ഇബ്ന് അബ്ബാസ് (റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു. **"ഒരാൾ തന്റെ മാതാപിതാക്കളെ അനുസരിച്ചാൽ (അല്ലാഹുവിനെ അനുസരിക്കുന്നതിന്റെ അടയാളമായി) അതിന്റെ പ്രതിഫലമായി അവന് വേണ്ടി സ്വർഗ്ഗത്തിലെ രണ്ടു വാതിലുകൾ തുറന്നിടുന്നതാണ്. മറിച്ച്, ഒരുവൻ തന്റെ മാതാപിതാക്കളെ അവഗണിച്ചാൽ, അവന് പ്രതിഫലമായി നരകത്തിലെ രണ്ട് വാതിലുകൾ തുറന്നിടുന്നതാണ്. അവന് ഒരു രക്ഷകർത്താവേ ഉള്ളൂവെങ്കിൽ അവന് വേണ്ടി സ്വർഗ്ഗത്തിലെ ഒരു വാതിൽ അല്ലെങ്കിൽ നരകത്തിലെ ഒരു വാതിൽ തുറക്കപ്പെടുന്നതാണ്. ഇത് കേട്ട ഒരു അനുചരൻ ചോദിക്കുകയുണ്ടായി. ഓ ! ദൈവ ദൂതരെ! മാതാപിതാക്കൾ ആ കുട്ടിയോട് മോശമായി പെരുമാറിയാലും, അവന്റെ മേൽ ശിക്ഷ നടപ്പാക്കപ്പെടുമോ ? നബീകരീം (സ) പറഞ്ഞു. " അവർ അവനോട് മോശമായി പെരുമാറിയാലും"** മൂന്നു പ്രാവശ്യം ഇത് ആവർത്തിക്കുകയുണ്ടായി.

തങ്ങളുടെ മാതാപിതാക്കളെ അവഗണിക്കുവാനുള്ള അവകാശം, മക്കൾക്ക് ഇല്ല. മാതാപിതാക്കൾ അവരോട് മോശമായി പെരുമാറിയാൽ പോലും ! ബുഖാരി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹസ്രത് അസ്മ ബിൻത് അബൂബക്കർ സിദ്ദീഖ് (റ) ബഹുദേവതാരാധകയായ മാതാവിനെപ്പറ്റി നബികരീം (സ) നോട് ചോദിച്ചു. എന്റെ മാതാവ് എന്റെ

അടുത്ത് വന്നിട്ടുണ്ട്. എന്നിൽ നിന്ന് എന്തെങ്കിലും അവർക്ക് കിട്ടണമെന്നുണ്ട്. ഞാൻ അവരുമായി നല്ല ബന്ധം സ്ഥാപിക്കേണ്ടതുണ്ടോ ? പ്രവാചകർ (സ) പ്രതിവചിച്ചു. **"അതെ, അവരുമായി നല്ല ബന്ധം സ്ഥാപിക്കുക."**

സമ്പൂർണ്ണ മാതൃക പ്രവാചകന്റെ മറുപടി ഇതായിരുന്നു. അദ്ദേഹം അവരെ ബഹിഷ്ക്കരിക്കുവാൻ പറഞ്ഞില്ല. അവരെ കാണരുതെന്നു പറഞ്ഞില്ല. അവർക്ക് സലാം പറയരുതെന്ന് പറഞ്ഞില്ല. മാതാവോ ഒരു വിഗ്രഹാരാധകയുമായിരുന്നു. മറിച്ച് പ്രവാചകർ (സ) പറഞ്ഞു. അവരോട് നല്ല നിലയിൽ പെരുമാറുവാൻ ! അവരുമായി നല്ലബന്ധം സ്ഥാപിക്കുവാൻ !

അഹ്മദികൾ ഈ പ്രവാചക വചനത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ടതാണ്. അവിടെയും ഇവിടെയും ബഹിഷ്ക്കരണ നടപടികൾ സ്വീകരിക്കുന്ന അഹ്മദികൾ ഈ ഹദീസിന്റെ വെളിച്ചത്തിൽ അവ പിൻവലിക്കേണ്ടതാണ്. വിശുദ്ധ പ്രവാചകൻ അരുൾ ചെയ്തതുപോലെ, ആരാണോ, തങ്ങളുടെ മാതാപിതാക്കളെ അവഗണിക്കുന്നത്, തുടർന്ന് അവന്റെ പ്രതിഫലമായി രണ്ട് വാതിൽ, തുറന്നു കിടക്കുന്നതാണ്. അങ്ങനെ നിങ്ങൾ ഒരു മുസ്ലീം ആണെന്ന് പ്രഖ്യാപിക്കുന്നുവെങ്കിലും, അതായത് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നുവെന്നു പറയുന്നുവെങ്കിലും ശരി, നബികരീം (സ) ന്റെ ഈ വചനത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. അതായത് ഈ പറയപ്പെട്ട അമീർമാരും, അഥവാ മുല്ലാമാരും നിങ്ങളുടെ മാതാപിതാക്കളിൽ നിന്നും നിങ്ങളെ അകറ്റുകയാണ് ചെയ്യുന്നത്. പ്രത്യേകിച്ച് ഈ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ച മാതാപിതാക്കളെ ; അവരോ നിങ്ങളെ രാവും പകലും കഷ്ടപ്പെട്ട് വളർത്തി ഉയർത്തിയവരാണ്. അവർ നിങ്ങൾക്ക് വിദ്യാഭ്യാസം നൽകി ; നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റി തന്നു. നിങ്ങളെ വിവാഹിതരാക്കി.

ഇപ്പോൾ ഒരാൾ വിവാഹിതനാകുമ്പോൾ, അയാൾക്ക് തങ്ങളുടെ രക്തബന്ധുക്കളെ ക്ഷണിക്കുവാനുള്ള അവകാശമില്ലാതെയായിരിക്കുന്നു. എന്തിനേറെ ! മാതാപിതാക്കളെ പോലും ! നിസ്സഹകരണം ഒഴിച്ചുകൂടാൻ കഴിയാത്ത കാര്യമായിരിക്കുന്നു. മറിച്ച്, മറ്റാളുകൾ, അവർ വിഗ്രഹാരാധകരാകട്ടെ, ഹസ്രത് മുഹമ്മദ് (സ) നെയും ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നെയും ഇകഴ്ത്തി പറയുന്നവരാകട്ടെ അവരെയൊക്കെ ക്ഷണിക്കുവാൻ അനുവാദമുണ്ട്. അവർക്കൊരു പ്രത്യാഘാതവുമില്ല. ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ച കാരണത്താൽ അവനെ ബഹിഷ്ക്കരിക്കണം. ഇനി ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവർക്ക് ഒരു ക്ഷണം കിട്ടിയാൽ, അത് അവരുടെ മാതാപിതാക്കളായാലും ശരി, അവർക്ക് നൽകിയ ക്ഷണക്കത്ത് മടക്കി വാങ്ങണം ! നിക്കാഹ് നടത്തി കൊടുക്കണമെങ്കിൽ ! ഇതൊക്കെ ഇസ്ലാമിക അധ്യാപനങ്ങളാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? അവരെ അന്ധമായി പിന്തുടർന്ന്, നിസ്സഹകരണ നിർദ്ദേശങ്ങൾ അവർ അനുസരിക്കുകയാണ് ! നിങ്ങൾ, നിങ്ങളുടെ അന്ധതനിമിത്തം, നിങ്ങളുടെ മാതാപിതാക്കളുടെ വികാരങ്ങളെപ്പോലും, പോറൽ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ഒടുവിൽ നിങ്ങളുടെ കർമ്മ ഫലമായി നരകത്തിന്റെ വാതിൽ നിങ്ങൾക്കായി തുറന്നു കിടക്കുകയാണ്. തങ്ങളുടെ മാതാപിതാക്കളെ പോലും, നിസ്സഹകരിപ്പിക്കുന്ന ഈ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നവർക്കായി ! വസ്തുതകളെക്കുറിച്ച് ചിന്തിക്കുന്നില്ലേ ? ഇതേ നിലയിൽ നാളെ നിങ്ങളുടെ സന്താനങ്ങൾ നിങ്ങളോട് പെരുമാറിയാൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും ? എനിക്ക് ചോദിക്കുവാനുള്ള ചോദ്യം ഇതാണ് !

ഓർക്കുക നിങ്ങൾ ഈ മന്ദബുദ്ധികളെ ശ്രദ്ധിക്കരുത് ! നിങ്ങളുടെ മാതാപിതാക്കളെ മോശം വാക്കുകളാൽ നിങ്ങൾ വേദനിപ്പിക്കരുത് ! വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറഞ്ഞ പ്രത്യേക സാഹചര്യത്തിലല്ലാതെ ഒരു സാഹചര്യത്തിലും അവരെ അനുസരിക്കാതിരിക്കരുത് ! അവരെ അനുസരിക്കാതിരിക്കുവാനും അവരുമായി അടുത്ത സൗഹൃദം കാട്ടുവാനും, പാടില്ലാത്തതുമായ സാഹചര്യങ്ങളെ അല്ലാഹു (ത) വ്യക്തമാക്കിയിട്ടുണ്ട്. സാധാരണ സാഹചര്യങ്ങളിൽ, നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളോട് തെറ്റു ചെയ്താൽ പോലും, അഥവാ മോശമായി പെരുമാറിയാൽ പോലും, നിങ്ങൾ അവരോട് നന്നായി പെരുമാറുക തന്നെ ചെയ്യണം. ! അവരുടെ മനോവികാരങ്ങളെ നിങ്ങൾ വ്യണപ്പെടുത്തരുത്. നിങ്ങൾ എപ്പോഴും അവരുടെ മാന്യത കാത്തുസൂക്ഷിക്കേണ്ടതാണ്. ! നിങ്ങളുടെ വാക്കുകളിലൂടെയും, പ്രവൃത്തിയിലൂടെയും, ആദരവ് പ്രകടിപ്പിക്കേണ്ടതാണ്. അങ്ങനെ അവരുടെ മഹത്വവും ആദരവും ഉയർത്തേണ്ടതാണ്.

മാതാപിതാക്കൾക്ക് മോശം പ്രതിഛായ നൽകുന്ന മക്കളുണ്ട്. അവരുടെ ആദരവും മഹത്വവും കെടുത്തുന്നവരാണവർ. സമൂഹത്തിൽ ആദരവുള്ള മാതാപിതാക്കളുണ്ട്. അവർ ബഹുമാന്യരായിരിക്കെ, അവരുടെ മക്കൾ സമൂഹത്തിൽ കുഴപ്പകാരികളായിട്ടുള്ളവരെയും കാണാം. സമൂഹത്തിൽ അവരിലൂടെ അവരുടെ മാതാപിതാക്കൾ അപമാനിതരായി തീരുന്നു. ഒരു കുട്ടി ആണാകട്ടെ പെണ്ണാകട്ടെ, അവൻ / അവൾ ചെയ്യുന്ന എല്ലാ നല്ല പ്രവർത്തന

ങ്ങൾക്കും തങ്ങളുടെ രക്ഷിതാക്കളുടെ അനുവാദം നിർബന്ധമായും വാങ്ങേണ്ടതാണ്. നിങ്ങളുടെ രക്ഷിതാക്കൾ എന്തെങ്കിലും പ്രയാസത്തിലായിരിക്കുകയും, മാതാവ് അല്ലെങ്കിൽ പിതാവ് നിങ്ങളുടെ എന്തെങ്കിലും സാധനം എടുത്താൽ നിങ്ങൾ അവരെപ്പറ്റി മോശമായി കരുതിപോകരുത്. നിങ്ങൾക്ക് അത് തരില്ല എന്ന് അവരോട് പറയുകയോ, അവരോട് കോപിക്കുകയോ അരുത്.

മറിച്ച് അവരെക്കുറിച്ച് നല്ലതുമാത്രം ചിന്തിക്കുക. നിങ്ങൾ എന്താണോ, ഇന്ന് നിങ്ങൾക്ക് എന്തുണ്ടോ അത് നിങ്ങളുടെ മാതാപിതാക്കളുടെ ത്യാഗങ്ങളുടെ ഫലമാണ്. അവരുടെ മരണത്തോടെ അവർക്കുള്ളതെല്ലാം അവർ അനന്തരാവാകാശമായി നിങ്ങൾക്ക് നൽകുന്നു. തങ്ങളുടെ മാതാപിതാക്കളുടെ അനന്തരവാകാശത്തിന്റെ വില എന്തെന്നറിയാത്ത കുട്ടികളുണ്ട് ! അവർ അവരുടെ ജീവിതത്തിലുടനീളം കഠിനമായി അധ്വാനിച്ചു. വസ്തുക്കളും മറ്റും വാങ്ങുന്നതിന് വലിയ വലിയ ത്യാഗങ്ങൾ സഹിച്ചു.! ഒടുവിൽ അതെല്ലാം തങ്ങളുടെ മക്കൾക്കായി ഒസ്യത്തു പ്രകാരമോ, ഇഷ്ടദാനത്തിലൂടെയോ നൽകുന്നു. ചില അനന്തരാവകാശികൾ, അവരുടെ മന്ദബുദ്ധിമൂലം തങ്ങളുടെ മാതാപിതാക്കളുടെ അനന്തരാവകാശത്തിന്റെ വിലയറിയാതെ, തങ്ങളുടെ മാതാപിതാക്കളുടെ സ്മാരകോപഹാരങ്ങളെ തുഛ വിലയ്ക്ക് വിൽക്കുവാൻ തയ്യാറാകുന്നത് വളരെ വലിയ ദൗർഭാഗ്യകരം തന്നെ ! ഇത് നേടുന്നതിനുവേണ്ടി തങ്ങളുടെ മാതാപിതാക്കൾ ചെയ്ത ത്യാഗങ്ങളെ അവർ മറന്നു പോകുന്നു. ! മറ്റുള്ളവർ പറയുന്നത് കേൾക്കുന്നവരാണവർ. അങ്ങനെ അവരുടെ അനന്തരാവകാശ സ്വത്ത് അവർക്ക് നഷ്ടമാകുന്നു. ഇത്തരത്തിലുള്ള അനന്തരവാകാശികൾ തങ്ങളുടെ മാതാപിതാക്കളെ ബുദ്ധിമുട്ടിക്കുന്നവരാണ്. അവർ ജീവിച്ചിരിക്കുമ്പോൾ അവരെ കണ്ണീർ കുടിപ്പിക്കുന്നവരാണ്. തങ്ങളുടെ മാതാപിതാക്കളെ അവർ നിന്ദ്യരായി കാണുന്നവരാണ്. അവരോട് മോശമായി പെരുമാറുന്നതുമാണ്. അവർ അവരോട് സലാം പറയുകയോ , സംസാരിക്കുകയോ ചെയ്യുകയില്ല. അവർ അവരുടെ തന്നെ സന്താനങ്ങളിൽ നിന്ന് അവരുടെ ജീവിതാന്ത്യത്തിൽ അതിന്റെ അനന്തര ഫലങ്ങൾ അനുഭവിക്കുന്നതാണ്. അവരുടെ സന്താനങ്ങൾ അവരോട് അവർ ചെയ്തതുപോലെ ചെയ്യുമ്പോൾ അവരുടെ മനോവികാരം എന്തായിരിക്കും?

ഒരാൾ നിർബന്ധമായും മനസ്സിലാക്കിയിരിക്കണം. അനന്തരവാകാശ സ്വത്ത് ഒരാളുടെ മരണത്തോടെ ലഭ്യമാകുന്ന ഭൗതികമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. നിങ്ങൾ നല്ലപോലെ മനസ്സിലാക്കണം ! മരണപ്പെട്ട മാതാപിതാക്കൾക്ക് നിങ്ങളുടെ മേൽ അവകാശമുണ്ട്. അവർ മരണപ്പെട്ട് കഴിഞ്ഞാൽ അവർക്ക് നിങ്ങളുടെ മേൽ എന്തവകാശമാണുള്ളത് എന്നതാണ് ചോദ്യം ? നിങ്ങളുടെ മാതാപിതാക്കൾ മരണപ്പെട്ടാൽ, അവർക്ക് കടം ഉണ്ടെങ്കിൽ ആ കടങ്ങൾ കൊടുത്തു തീർക്കേണ്ടത് നിങ്ങളുടെ ബാദ്ധ്യതയാണ് ! എന്തെങ്കിലും ചെയ്യുവാൻ മരണത്തിനുമുമ്പ് നിങ്ങളെ വിശ്വസിച്ച് ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തിയാക്കേണ്ടത് നിങ്ങളുടെ ബാദ്ധ്യതയാണ്. മാത്രമല്ല നിങ്ങൾ അവരുടെ അന്ത്യവിശ്രമ സ്ഥലം സന്ദർശിക്കുകയും, പരിസരം വൃത്തിയാക്കുകയും അവരുടെ പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണം ! ഈ പ്രവൃത്തികളിലൂടെ നിങ്ങളുടെ മാതാപിതാക്കളുടെ ആത്മാക്കൾ സന്തോഷഭരിതരായി തീരുന്നതാണ്. മാലാഖമാർ / മലക്കുകൾ നിങ്ങൾ ചെയ്ത ഈ പ്രാർത്ഥനകളുടെ അനുഗ്രഹങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ അടുത്ത് എത്തിക്കുന്നതാണ് ; അങ്ങനെ അവർ സന്തോഷഭരിതരായി തീരുന്നു. അതിന്റെ പ്രത്യുപകാരമായി അവർ, അവരുടെ സന്താനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ് !

ഞാൻ ദു ആ ചെയ്യുന്നു. നിങ്ങൾ ഓരോരുത്തരും മാതാപിതാക്കളോട് ഏറ്റവും നന്നായി പെരുമാറുവാനുള്ള തൗഫീഖ് അല്ലാഹു നൽകട്ടെ ! ജീവിച്ചിരിക്കുന്ന മാതാപിതാക്കൾ ഇല്ലാത്തവർ നിങ്ങൾ അവർക്കുവേണ്ടി ദു ആ ചെയ്യുക. ഈ ദു ആകൾ അവർക്ക് പാരത്രിക ജീവിതത്തിൽ പ്രയോജനം ചെയ്യുന്നതാണ് ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*******